# JP-2-09

This booklet contains **20** pages.
इस पुस्तिका में **20** पृष्ठ हैं ।

**PAPER II / प्रश्न-पत्र II**
**Malayalam Language Supplement**
**मलयालम भाषा परिशिष्ट**
**PART IV & V / भाग IV & V**

Test Booklet Code
परीक्षा पुस्तिका संकेत

**P**

Test Booklet No.
परीक्षा पुस्तिका संख्या

535729

**Do not open this Test Booklet until you are asked to do so.**
**इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए ।**
**Read carefully the Instructions on the Back Cover (Page 19 & 20) of this Test Booklet.**
**इस परीक्षा पुस्तिका के पिछले आवरण (पृष्ठ 19 व 20) पर दिए निर्देशों को ध्यान से पढ़ें ।**

**For instructions in Malayalam see Page 2 of this Booklet. / मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें ।**

## *INSTRUCTIONS FOR CANDIDATES*

1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part IV (Language I) **OR** Part V (Language II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Part I and Part II **OR** III from the Main Test Booklet and Parts IV and V from the languages chosen by them.
3. Questions on English and Hindi languages for Part IV and Part V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Blue / Black Ball Point Pen only** for writing particulars on this page / marking responses in the Answer Sheet.
5. The CODE for this Language Booklet is **P.** Make sure that the CODE printed on **Side-2** of the Answer Sheet and on your Main Test Booklet is the same as that on this Language Supplement Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has **two** Parts, IV and V, consisting of **60** Objective Type Questions, each carrying 1 mark :
   Part-IV : Language I - (Malayalam) (Q. 91 to Q. 120)
   Part-V : Language II - (Malayalam) (Q. 121 to Q. 150)
7. Part-IV contains 30 questions for Language-I and Part-V contains 30 questions for Language-II. In this Test Booklet, only questions pertaining to Malayalam language have been given. **In case the language/s you have opted for as Language-I and/or Language-II is a language other than Malayalam, please ask for a Test Booklet that contains questions on that language. The languages being answered must tally with the languages opted for in your Application Form.**
8. **Candidates are required to attempt questions in Part -V (Language-II) in a language other than the one chosen as Language-I (in Part-IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

## *परीक्षार्थियों के लिए निर्देश*

1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है, उन परीक्षार्थियों के लिए जो या तो भाग IV (भाषा I) **या** भाग V (भाषा II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं** ।
2. परीक्षार्थी भाग I एवं भाग II **या** III के उत्तर मुख्य परीक्षा पुस्तिका से दें और भाग IV व V के उत्तर उनके द्वारा चुनी भाषाओं से ।
3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग IV व भाग V के अन्तर्गत दिए गए हैं । भाषा परिशिष्टों को आप अलग से माँग सकते हैं ।
4. इस पृष्ठ पर विवरण अंकित करने एवं उत्तर पत्र पर निशान लगाने के लिए **केवल नीले/काले बॉल पॉइंट पेन** का प्रयोग करें ।
5. इस भाषा पुस्तिका का **संकेत है P** । यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का संकेत, उत्तर पत्र के **पृष्ठ-2** एवं मुख्य परीक्षा पुस्तिका पर छपे संकेत से मिलता है । अगर यह भिन्न हो तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ ।
6. इस परीक्षा पुस्तिका में **दो** भाग IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं, जो प्रत्येक 1 अंक का है :
   भाग-IV : भाषा I - (मलयालम) (प्र. 91 से प्र. 120)
   भाग-V : भाषा II - (मलयालम) (प्र. 121 से प्र. 150)
7. भाग-IV में भाषा-I के लिए 30 प्रश्न और भाग-V में भाषा-II के लिए 30 प्रश्न दिए गए हैं । इस परीक्षा पुस्तिका में केवल मलयालम भाषा से संबंधित प्रश्न दिए गए हैं । **यदि भाषा-I और/या भाषा-II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है तो कृपया उस भाषा वाली परीक्षा पुस्तिका माँग लीजिए । जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिए ।**
8. **परीक्षार्थी भाग-V (भाषा-II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा I (भाग-IV) में चुनी गई भाषा से भिन्न हो ।**
9. रफ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें ।
10. सभी उत्तर केवल OMR उत्तर पत्र पर ही अंकित करें । अपने उत्तर ध्यानपूर्वक अंकित करें । उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है ।

Name of the Candidate (in Capitals) : ____________________
परीक्षार्थी का नाम (बड़े अक्षरों में) :
Roll Number : in figures ____________________
अनुक्रमांक : अंकों में
: in words ____________________
: शब्दों में
Centre of Examination (in Capitals) : ____________________
परीक्षा केन्द्र (बड़े अक्षरों में) :
Candidate's Signature : ____________________ Invigilator's Signature : ____________________
परीक्षार्थी के हस्ताक्षर : निरीक्षक के हस्ताक्षर :
Facsimile signature stamp of
Centre Superintendent ____________________

SEAL

P P

ഈ പുസ്തികയിൽ 20 താളുകൾ ഉണ്ട്.

# JP-2-09

പരീക്ഷാ ചെറുപുസ്തക സങ്കേതം

**P**

## പേപ്പർ II

## മലയാളം ഭാഷാ അനുബന്ധം

## ഭാഗം IV & V

**പറയുന്നതുവരെ ഈ പരീക്ഷാ പുസ്തിക തുറക്കരുത്.**

**ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 19 & 20) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ വായിയ്ക്കുക.**

**പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ :**

1. ഈ പുസ്തിക മുഖ്യപരീക്ഷാ പുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷാ I) അല്ലെങ്കിൽ V (ഭാഷാ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കുവേണ്ടിയാണ്, രണ്ടു ഭാഗങ്ങളും ഒരേ ഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I ഉം, II ഉം ഭാഗങ്ങളോ III ഉം ഭാഗമോ മുഖ്യ പരീക്ഷാ പുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തെരഞ്ഞെടുത്ത ഭാഷയിൽ ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലീഷ്/ഹിന്ദി ചോദ്യങ്ങൾ മുഖ്യ പരീക്ഷാ പുസ്തകത്തിലുണ്ട്. ഇതര ഭാഷാ അനുബന്ധങ്ങൾ ചോദിച്ചു വാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, **നീല / കറുപ്പ് ബോൾ പോയിന്റ് പേന മാത്രം** ഉപയോഗിക്കുക.
5. ഈ പുസ്തികയുടെ സങ്കേതം (കോഡ്) **P** ആണ്. നിങ്ങളുടെ ഉത്തരക്കടലാസ്സിന്റെ **സൈഡ് 2**-ലും നിങ്ങളുടെ മുഖ്യ പരീക്ഷാ പുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷാ അനുബന്ധത്തിലുള്ള അതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV, V എന്ന **രണ്ടു** ഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. **60** വസ്തുനിഷ്ഠമായ (ഓബ്ജക്ടീവ്) ചോദ്യങ്ങളും ഉണ്ട്. ഓരോ ചോദ്യത്തിനും ഒരു **(1)** മാർക്ക്.
   ഭാഗം IV - ഭാഷാ I (മലയാളം) (ചോദ്യം 91 - 120)
   ഭാഗം IV - ഭാഷാ II (മലയാളം) (ചോദ്യം 121 - 150)
7. ഭാഗം IVൽ (ഭാഷാ I) **30** ചോദ്യങ്ങളും, ഭാഗം Vൽ (ഭാഷാ II) **30** ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാള ഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. **നിങ്ങൾ മലയാള ഭാഷയല്ലാതെ വേറേ ഭാഷ I / ഭാഷ II തെരഞ്ഞെടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്തു ഭാഷയാണോ നിങ്ങൾ ഐഛികമായി എടുത്തിരിക്കുന്നത് അതേ ഭാഷയിൽ തന്നെ ചോദ്യങ്ങളായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.**
8. **പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II)ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I)ൽ നിന്നും വ്യത്യസ്തമായ ഭാഷയായിരിക്കണം.**
9. റഫ് വർക്ക് ചെയ്യുന്നതിന് പരീക്ഷാ പുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്ത് മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തര പുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (Whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് (മുഴുത്ത അക്ഷരത്തിൽ) ____________________

റോൾ നമ്പർ : (അക്കത്തിൽ) ____________________

: (അക്ഷരത്തിൽ) ____________________

പരീക്ഷാ കേന്ദ്രം (മുഴുത്ത അക്ഷരത്തിൽ) ____________________

പരീക്ഷാർത്ഥിയുടെ ഒപ്പ് ____________________ ഇൻവിജിലേറ്ററിന്റെ ഒപ്പ് ____________________

Facsimile signature stamp of Centre Superintendent ____________________

Candidates should answer questions from the following Part only if they have opted for **MALAYALAM** as **LANGUAGE – I.**

## വിഭാഗം IV
## ഭാഷാ I
## മലയാളം

**നിർദ്ദേശങ്ങൾ :** തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് **91** മുതൽ **99** വരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും ഉചിതമായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

അക്ഷരങ്ങളിൽ നിന്ന് പദങ്ങളിലേയ്ക്കും പിന്നെ വാക്യങ്ങളിലേയ്ക്കും രേഖീയമായി പുരോഗമിക്കുന്നതല്ല ഭാഷാപഠനം എന്ന് മുമ്പുതന്നെ അംഗീകരിക്കപ്പെട്ടിരുന്നല്ലോ. കോൺസ്റ്റാന്റീവറുടെ ഭാഷാസമഗ്രതാദർശനം ഇതിന് അടിവരയിടുന്നു. അർത്ഥ സമ്പുഷ്ടമായ സന്ദർഭത്തിൽ നിന്നാണ് കുട്ടി ഭാഷ ആർജിക്കുന്നത്. ആവർത്തിച്ച് ഉറപ്പിച്ചും മനഃപാഠമാക്കിയും മാതൃകകൾ അനുകരിച്ചും ഭാഷാശേഷികൾ നേടാനാവില്ല. ചാക്രികാരോഹണ രീതിയിലുള്ള വൈവിധ്യമാർന്ന അനുഭവങ്ങൾ കൊണ്ടാണ് അത് ഉറയ്ക്കുന്നത്. അത്തരം അനുഭവങ്ങൾക്കുവേണ്ട പശ്ചാത്തലമൊരുക്കുകയാണ് ഭാഷാധ്യാപകരുടെ ചുമതല.

നിശ്ചിത ഉദ്ദേശ്യങ്ങൾ കൈവരിക്കുന്നതിനുവേണ്ടി ആസൂത്രിതമായ പഠനാനുഭവങ്ങൾ ചിട്ടപ്പെടുത്തുമ്പോൾ പഠിതാവിന്റെ തത്കാല സ്ഥിതിയും ശക്തി ദൗർബല്യങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്. ഓരോ കുട്ടിയുടെയും നിലവിലുള്ള ശേഷി നിലവാരത്തിൽ നിന്ന് അടുത്ത പടിയിലേക്ക് ഉയർത്തുന്ന പ്രവർത്തനമാണ് ക്ലാസ്സുമുറിയിൽ നടക്കുന്നത്. അറിവിന്റെ നിർമ്മാണത്തിലെന്നപോലെ ഭാഷാർജ്ജനത്തിലും പ്രയോജനപ്പെടുത്താൻ കഴിയുന്ന മാതൃകകളാണ് കണ്ടെത്തൽ പഠനവും സംവാദാത്മക പഠനവും. ഭാഷ, സാഹിത്യം, സംസ്കാരം, സാമൂഹിക പ്രശ്നങ്ങൾ തുടങ്ങിയവയെ സംബന്ധിച്ച പഠന പ്രശ്നങ്ങൾ ചർച്ചകളിലൂടെ ക്ലാസ് മുറിയിൽ രൂപപ്പെടുകയും അവ പരിഹരിക്കുന്നതിനുവേണ്ടിയുള്ള അന്വേഷണങ്ങളിൽ ഒറ്റയ്ക്കും കൂട്ടായും ഏർപ്പെടുകയും ചെയ്തുകൊണ്ടുള്ള പഠനമാണ് കണ്ടെത്തൽ പഠനം അല്ലെങ്കിൽ അന്വേഷണാത്മക പഠനം. ഉയർന്ന വായനയിലേയ്ക്കും ചിന്തയിലേയ്ക്കും വിദ്യാർത്ഥികളെ നയിക്കാൻ ഇത് സഹായകമാകും. സ്വയം അറിവ് സൃഷ്ടിക്കുന്നതിലൂടെ അറിവിന്റെ ഉടമയായിത്തീരാൻ വിദ്യാർത്ഥിക്കു കഴിയുന്നു. പാഠപുസ്തകത്തിലെ ഏതെങ്കിലുമൊരു രചനയെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങളും ഉത്തരങ്ങളും മനഃപ്പാഠമാക്കുന്ന ഒരാൾക്ക് പ്രാപിക്കാൻ കഴിയാത്ത ഉയരങ്ങളാണ് ഈ പഠനം സമ്മാനിക്കുന്നത്.

പഠനത്തിനുള്ള മികച്ച മാർഗ്ഗമായി സംവാദത്തെ കണ്ടവരാണ് ഭാരതീയർ. ക്ലാസ് മുറിയിൽ നടക്കുന്ന ചർച്ചകൾ, സംവാദങ്ങൾ, സെമിനാറുകൾ തുടങ്ങിയവയൊക്കെ സംവാദാത്മക പഠനത്തിന്റെ ഗുണഫലങ്ങൾ അനുഭവിക്കാൻ വിദ്യാർത്ഥികൾക്കു അവസരം നൽകുന്നു. വ്യത്യസ്ത യുക്തികൾ ഉൾക്കൊള്ളാനും അറിവുകൾ പങ്കുവെയ്ക്കാനും ഇത് സഹായകമാകുന്നുണ്ട്.

സഹകരിച്ചും പങ്കുവെച്ചും പഠിക്കണമെന്നാണ് പാഠ്യപദ്ധതി നൽകുന്നത്. സഹകരണാത്മക പഠനം സഹവർത്തിത പഠനം എന്നിവ ഭാഷാപഠനത്തിന്റെ നിർണായകമായ സ്ഥാനം വഹിക്കുന്നു. പരസ്പരം സഹായിച്ചുകൊണ്ടുള്ള പഠനമാണ് ആദ്യത്തേത്. വിവിധ മേഖലകളിൽ മികവു പുലർത്തുന്നവർ ആ മേഖലയിൽ സഹായം ആവശ്യമായവർക്ക് പിന്തുണ നൽകികൊണ്ട് പഠനം ശക്തമാക്കുന്നു. സംഘാംഗങ്ങൾ ചുമതലകൾ വിഭജിച്ചെടുത്ത് പൂർത്തിയാക്കുകയും പൊതുവായി അറിവിന്റെ നിർമ്മാണം സാധ്യമാക്കുകയും ചെയ്യുന്ന പ്രക്രിയയാണ് സഹവർത്തിത പഠനം. സാമൂഹിക ജീവിതത്തിലെ കൂട്ടായ്മ ശീലിക്കാൻ ഇത്തരം പഠന സന്ദർഭങ്ങൾ സഹായമാകും.

91. താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് കുട്ടിയുടെ ഭാഷാർജ്ജനം ഏറ്റവും ഫലപ്രദമാക്കി തീർക്കുന്നത്.
(1) അക്ഷരാഭ്യാസം
(2) മനഃപാഠമാക്കൽ
(3) അർത്ഥ സമ്പുഷ്ടമായ സന്ദർഭങ്ങൾ
(4) മാതൃകകളുടെ അനുകരണം

92. പാഠാസൂത്രണത്തിൽ ഏറ്റവും ശ്രദ്ധ നൽകേണ്ടത്
(1) പഠിതാവിന്റെ ശക്തി ദൗർബല്യങ്ങൾ
(2) സമയബന്ധിതമായ ആസൂത്രണം
(3) വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ
(4) പഠിതാവിന്റെ സാമൂഹ്യ പശ്ചാത്തലം

93. വ്യത്യസ്ത യുക്തികൾ ഉൾക്കൊള്ളാനും അറിവുകൾ പങ്കുവെയ്ക്കാനും സഹായിക്കുന്ന പഠനരീതി.
(1) സംവാദത്മക പഠനം
(2) സഹവർത്തിത പഠനം
(3) സഹകരണാത്മക പഠനം
(4) കണ്ടെത്തൽ പഠനം

94. ക്ലാസ് മുറിയിലെ പഠനം ആത്യന്തികമായി ലക്ഷ്യം വെക്കുന്നതെന്താണ് ?
(1) കുട്ടിയിൽ സർഗാത്മകതയുടെ വിത്തുകൾ പാകുക.
(2) കുട്ടിയുടെ അന്വേഷണത്വര പ്രോത്സാഹിപ്പിക്കുക.
(3) കുട്ടിയിൽ സഹകരണ മനോഭാവം വളർത്തുക.
(4) കുട്ടിയുടെ നിലവിലുള്ള ശേഷി ഉയർത്തുക.

95. ഭാഷാധ്യാപകന്റെ ചുമതലയെന്ത് ?
(1) ശരിയായ അക്ഷരബോധം നൽകുക.
(2) അനുഭവങ്ങൾക്കുവേണ്ട പശ്ചാത്തലമൊരുക്കുക.
(3) ഉച്ചാരണ ശുദ്ധി കൈവരുത്തുക.
(4) സർഗസൃഷ്ടികൾ പ്രോത്സാഹിപ്പിക്കുക.

96. ഭാഷാസമഗ്രതാ ദർശനം എന്നത്
(1) സമഗ്രത എന്ന ഭാഷാബോധന രീതി
(2) വിവിധ പഠനരീതികളെ സമന്വയിപ്പിക്കുന്ന ബോധന രീതി
(3) സമാന്തരഭാഷാ പഠനരീതി
(4) ഭാഷയെ സമഗ്രമായി കാണുന്ന രീതി

97. വിഗ്രഹിക്കുക :
"ശക്തിദൗർബല്യങ്ങൾ"
(1) ശക്തമായ ദൗർബല്യം
(2) ശക്തിയും ദൗർബല്യവും
(3) ശക്തി ദൗർബല്യം മുതലായവ
(4) ശക്തികളും ദൗർബല്യങ്ങളും

98. പരസ്പരം സഹായിച്ചുകൊണ്ടുള്ള പഠനമാണ്
(1) സഹവർത്തിത പഠനം
(2) സഹകരണാത്മക പഠനം
(3) അന്വേഷണാത്മക പഠനം
(4) സംവാദാത്മക പഠനം

99. ഒരു പ്രത്യേക പഠന മേഖലയിൽ മികവു പുലർത്തുന്നവർ അതില്ലാത്തവരെ മികവു നേടാൻ സഹായിച്ച് പഠനം കാര്യക്ഷമമാക്കുന്ന രീതിയാണ്
(1) സഹകരണാത്മക പഠനം
(2) അന്വേഷണാത്മക പഠനം
(3) സംവാദാത്മക പഠനം
(4) സഹവർത്തിത പഠനം

**നിർദ്ദേശങ്ങൾ :** തന്നിരിക്കുന്ന കവിതാ ഭാഗം വായിച്ച് **100** മുതൽ **105** വരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും ഉചിതമായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

പരിസരമാർന്ന കവുങ്ങുകൾ തന്നുയിർ
കെട്ടി ഞെരുക്കും വള്ളികൾ, മണ്ണിൻ
പശയിൽ പാലകൾ പോഷിയ്ക്കെപ്പൊ-
ന്നോലകൾ പൂത്തു മെലിഞ്ഞൊരു തെങ്ങുകൾ
അരിയവളപ്പിന്നർബുദമായാ-
സർപ്പവനത്തെ കണ്ടേൻ ഞാൻ, എൻ
കരളിൽ ചിറകു കുടഞ്ഞു കഴുകൻ,
ബോധക്കൺമിഴി വെൺമഴു വീശി
അന്ധതയിൽ കുടി വെച്ചു പെരുത്തൊരു
ദേവതമാരേ, നിങ്ങടെ പടലാൽ
നൊന്തു ഞെരങ്ങീ മാനവ ജീവിതം
അഗ്നി കൊളുത്തുകയായീ ഞങ്ങൾ

**100.** വിപരീതാർത്ഥം സൂചിപ്പിക്കുന്ന പദം തെരഞ്ഞെടുത്തെഴുതുക :

'പോഷിയ്ക്കുക'

(1) ശേഷിക്കുക
(2) ശുഷ്കം
(3) ശോഷിക്കുക
(4) പുഷ്പിക്കുക

**101.** 'പൊന്നോലകൾ പൂത്തു മെലിഞ്ഞൊരു തെങ്ങുകൾ' – ഈ വരിയിലെ പൊന്നോലകൾ എന്ന ശൈലിയുടെ ഉദ്ദേശ്യാർത്ഥമെന്ത് ?

(1) വിളർത്ത ഓലകൾ
(2) കുരുത്തോലകൾ
(3) മനോഹരമായ ഓലകൾ
(4) ശോഭയാർന്ന ഓലകൾ

**102.** 'അഗ്നികൊളുത്തുകയായീ ഞങ്ങൾ !' – കവി ചുട്ടെരിയ്ക്കാൻ ശ്രമിക്കുന്നത് എന്തിനെയാണ് ?

(1) കുടിയിരുത്തപ്പെട്ട ദേവതമാരെ
(2) വീട്ടുവളപ്പിലെ കാടുകളെ
(3) അന്ധവിശ്വാസങ്ങളെ
(4) മാനവജീവിതത്തെ

**103.** വെൺമഴു വീശിയത് ഏതാണ് ?

(1) ബോധമാകുന്ന കണ്ണുകൾ
(2) കഴുകൻ കണ്ണുകൾ
(3) ദേവതമാരുടെ കോപിഷ്ഠമായ കണ്ണുകൾ
(4) നാഗത്താന്മാരുടെ കണ്ണുകൾ

**104.** കവിയുടെ അഭിപ്രായത്തിൽ മാനവ-ജീവിതം നൊന്തു ഞെരങ്ങുന്ന-തെന്തുകൊണ്ട് ?

(1) ശരിയായ അവബോധമില്ലാത്തതു കൊണ്ട്
(2) അന്ധവിശ്വാസം കൊണ്ട്
(3) ദുഃഖം കൊണ്ട്
(4) നിത്യജീവിതത്തിലെ സംഘർ-ഷങ്ങൾ കൊണ്ട്

**105.** വീട്ടുവളപ്പിന്റെ അർബുദമായി കവി കണക്കാക്കുന്നത് എന്തിനെയാണ് ?

(1) മെലിഞ്ഞുണങ്ങിയ തെങ്ങുകളെ
(2) വള്ളികളെ
(3) പാമ്പുകളെ
(4) സർപ്പക്കാടിനെ

106. വായിക്കുമ്പോഴുള്ള ശേഖരണ-ശേഷിയാണ്

(1) കുറിപ്പെഴുതിയെടുക്കൽ

(2) അപഗ്രഥനം

(3) വിഷമവൃത്തത്തിലാവൽ

(4) കുറിപ്പുണ്ടാക്കൽ

107. ശ്രവ്യ-ഭാഷണ നിപുണത നിർണ്ണ-യിക്കുന്ന ഒരു ക്ലാസ്സിലെ സംഭാഷണം താഴെ കൊടുത്തിരിക്കുന്നു.

എങ്ങനെയാണ് താങ്കൾ ഓരോ വിദ്യാർത്ഥിയേയും ഈ സംഭാഷണ പ്രകാരം വിലയിരുത്തുന്നത് ?

അധ്യാപകൻ : നിങ്ങളുടെ ഏറ്റവും ഇഷ്ടപ്പെട്ട കായിക വിനോദ-ത്തെക്കുറിച്ച് സുഹൃത്തിനോട് സംസാരിക്കുക.

ഒന്നാം വിദ്യാർത്ഥി : എന്തിന് ? ഞങ്ങൾക്ക് ചർച്ച ചെയ്തുകൂടെ ?

രണ്ടാം വിദ്യാർത്ഥി : ശരി. എനിക്കവളോട് കബഡിയെക്കു-റിച്ച് സംസാരിക്കാമോ ?

(1) രണ്ടാമത്തെ വിദ്യാർത്ഥി പറ-ഞ്ഞത് ശരിയാണ്. എന്നാൽ ഒന്നാമത്തെ വിദ്യാർത്ഥി ഉചിത-മായ രീതിയിലല്ല പ്രതികരിച്ചത്.

(2) ഒന്നാമത്തെ വിദ്യാർത്ഥിയുടെ പ്രതികരണം ശരിയാണ്, എന്നാൽ രണ്ടാമത്തെ വിദ്യാർത്ഥിയുടെ പ്രതികരണം ശരിയല്ല.

(3) ഒന്നും രണ്ടും വിദ്യാർത്ഥികൾ ശരിയായി പ്രതികരിച്ചു.

(4) ഒന്നും രണ്ടും വിദ്യാർത്ഥികൾ തെറ്റായി പ്രതികരിച്ചു.

108. ഗവേഷണമനുസരിച്ച് വിദ്യാലയത്തിൽ ചേരുന്നതിനുമുമ്പുള്ള കാലത്ത് കുട്ടികൾക്ക് വായനയിൽ അന്തിമ-മായി വിജയം കൈവരിക്കാനും അറിവ് വർദ്ധിപ്പിക്കാനും ഉതകുന്ന ഗൃഹാന്തരീക്ഷത്തിലെ പ്രവർത്തി-കളിൽ ഏറ്റവും പ്രധാനപ്പെട്ടത് താഴെ കൊടുത്തിരിക്കുന്നതിൽ ഏതാണ് ?

(1) നഴ്സറി പാട്ടുകൾ കുട്ടികൾ മനഃപാഠമാക്കുന്നത്.

(2) സ്കൂളിനെകുറിച്ചുള്ള കുടും-ബാംഗങ്ങളുടെ സംസാരം.

(3) കുട്ടികൾക്ക് രക്ഷിതാക്കൾ ഉറക്കെ വായിച്ചുകൊടുക്കുന്നത്.

(4) രക്ഷിതാക്കൾ കുട്ടികളെ അക്ഷരമാല പഠിപ്പിക്കുന്നത്.

109. കുട്ടി ക്ലാസ്സിൽ ഉറക്കെ വായിക്കു-മ്പോൾ അച്ചടിയിൽ കാണുന്ന വാക്കിനു പകരം സമാനാർത്ഥമുള്ള മറ്റൊരു വാക്ക് പകരം പ്രയോഗി-ച്ചാൽ അധ്യാപകന്റെ ഏറ്റവും ഉചിതമായ പ്രതികരണം ഏതാണ് ?

(1) കുട്ടിയോട് പുസ്തകത്തിൽ കാണുന്ന വാക്കുതന്നെ ആവർത്തിച്ച് വായിപ്പിക്കുന്നു.

(2) കുട്ടിയെ വായന തുടരാൻ അനുവദിക്കുന്നു.

(3) തെറ്റായ സൂചക പദം തിരുത്തി ഉറക്കെ ഉച്ചരിക്കുന്നു.

(4) രണ്ട് പദങ്ങളും എഴുതി-ക്കാണിച്ച്, പാഠപുസ്തകത്തിൽ കാണുന്ന പദം വേർതിരിച്ചറി-യാൻ ആവശ്യപ്പെടുന്നു.

110. നിലവിലുള്ള ശൈലി അനുകരിക്കു-ന്നതിനു പകരം തനത് ശൈലിയിൽ എഴുതുന്നതിനെ ________ എഴുത്ത് എന്ന് പറയുന്നു.

(1) ഭാവനാത്മകമായ

(2) സംഭാഷണ (നാടകത്തിന്)

(3) ക്രിയാത്മകമായ

(4) കത്തെഴുത്ത്

111. ഉയർന്നതല ചിന്തയെ രൂപപ്പെടുത്തുന്ന പഠന മേഖലയേത് ?
(1) ഓർമ്മിച്ചെടുക്കൽ
(2) ഗ്രഹണം
(3) മൂല്യനിർണ്ണയം
(4) പ്രയുക്ത രീതി

112. ഒരു ഭാഷാസമൂഹത്തിനകത്തെ പ്രത്യേക വിഭാഗത്തിന്റെ നിരവധി പ്രത്യേകതകൾ ഉൾക്കൊള്ളുന്ന ഭാഷാരൂപമാണ്
(1) സ്വരഭാരം
(2) ഭാഷാഭേദം
(3) ഊന്നൽ
(4) താനം

113. താഴെ പറയുന്നവയിൽ ഏത് മാധ്യമമാണ് പരമാവധി പഠനാനു-ഭവങ്ങൾ പ്രദാനം ചെയ്യുന്നത്
(1) ടെലിവിഷനും റേഡിയോയും
(2) പ്രൊജക്റ്റഡ് മീഡിയ
(3) മാതൃകാരൂപങ്ങളും ചാർട്ടുകളും
(4) പഠനയാത്രകൾ

114. സിനിമാശാലയിൽ നിങ്ങൾക്കു പിറ-കിലിരിക്കുന്ന വ്യക്തി മൊബൈൽ ഫോണിൽ നിരന്തരം സംസാരിക്കുന്നു. സംസാരം നിർത്തണമെന്നാവശ്യ-പ്പെടാൻ താങ്കൾ ആഗ്രഹിക്കുന്നു. അത്തരമൊരഭ്യർത്ഥന താങ്കൾ എപ്രകാരമാണ് നടത്തുക ?
(1) ഉറക്കെ സംസാരിക്കുന്നത് നിർത്ത്.
(2) തിയേറ്ററിനുള്ളിൽ ദയവായി മൊബൈൽ ഫോൺ ഉപ-യോഗിക്കാതിരിക്കൂ.
(3) നിങ്ങൾക്ക് മൊബൈൽ ഫോൺ ഒന്ന് ഉപയോഗിക്കാതിരിന്നുകൂടേ ?
(4) നിങ്ങൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നത് ഒന്ന് നിർത്തുന്നുണ്ടോ ?

115. താഴെ കൊടുത്തിരിക്കുന്നവയിൽ അനുനയ എഴുത്ത് എന്ന വിഭാഗത്തിൽ പെടുത്താവുന്നത് ഏതാണ് ?
(1) തൊഴിൽ അവലോകനം, പത്രാധിപർക്കുള്ള എഴുത്ത്
(2) ആത്മകഥ, ജീവചരിത്രം
(3) വിശ്വവിജ്ഞാനകോശ ലേഖന-ങ്ങൾ അഥവാ ചിത്രങ്ങളും
(4) പത്രവാർത്താ റിപ്പോർട്ടുകൾ, പാഠപുസ്തകം

116. വിദ്യാർത്ഥികളിൽ അതിജ്ഞാന ഗോചരശേഷി വളർത്തുവാൻ അധ്യാപകന് സ്വീകരിക്കാവുന്ന ഏറ്റവും മികച്ച രീതിയേത് ?
(1) വായനയിലേക്ക് നയിക്കാൻ ഉതകുന്ന പൊതുവായ ചില വായനാപൂർവ്വ ചോദ്യങ്ങൾ നൽകുക.
(2) വായനയ്ക്ക് വേണ്ടി തെര-ഞ്ഞെടുത്ത സാമഗ്രികൾ ഗ്രഹിക്കുന്നതിന് സഹായകമായ പുതിയ പദങ്ങൾ മനഃപാഠ-മാക്കാൻ പര്യാപ്തമാക്കുക.
(3) വായിക്കുമ്പോൾ കുട്ടികളെ-ക്കൊണ്ട് സ്വയം ചോദ്യങ്ങൾ ചോദിക്കാൻ പ്രേരിപ്പിക്കുക.
(4) തമ്മിൽ തമ്മിൽ ആശയ സംഗ്രഹത്തിന് ഉതകുന്ന ചോദ്യ-ങ്ങൾ എഴുതാൻ കുട്ടികൾക്ക് അവസരം നൽകുക.

117. ഒരു വാചകത്തിലെ വിഷയകേന്ദ്രീകൃത വാക്യം (Topic sentence) താഴെ കൊടുത്തിരിക്കുന്നവയിൽ ഏതിനെ സൂചിപ്പിക്കുന്നു ?

(1) പ്രബന്ധത്തിന്റെ മുഖ്യ ആശയം

(2) കവിതയുടെയോ പ്രബന്ധത്തിന്റേയോ ശീർഷകം

(3) ഖണ്ഡികയുടെ പ്രധാന ആശയം

(4) ഒരു പ്രബന്ധത്തിന്റെയോ ഡോക്യുമെന്റിന്റെയോ ഉപശീർഷകം

118. മാനവസമൂഹത്തെ സ്നേഹിക്കാൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും സമാധാനപരമായ ഒരു ഭാവി സങ്കല്പിക്കുകയും, കൂടാതെ സ്വയം സൂക്ഷിക്കുന്നതോടൊപ്പം മറ്റുള്ളവരേയും പരിരക്ഷിക്കുകയും ചെയ്യുന്നതാണ് ________ വിദ്യാഭ്യാസം.

(1) വിദൂര

(2) അക്കാദമിക

(3) തൊഴിലധിഷ്ഠിത

(4) മൂല്യ

119. ഒരു ടെക്സ്റ്റിലെ മറ്റു പദങ്ങളിൽ നിന്ന് അപരിചിത പദങ്ങളുടെ അർത്ഥം നിഗമനം ചെയ്യുന്നത് ________ നൈപുണിയിൽ ഉൾക്കൊള്ളുന്നു.

(1) ശ്രവ്യശേഷി

(2) ഭാഷണശേഷി

(3) വായനാശേഷി

(4) രചനാശേഷി

120. ഒരു പത്രപരസ്യം സസൂക്ഷ്മം വായിക്കുന്നത് വായനയുടെ ________ തന്ത്രമാണ്.

(1) തീവ്രമായ

(2) സ്കാനിംഗ്

(3) വ്യാപകമായ

(4) ഓടിച്ചുവായിക്കൽ (സ്കിമ്മിംഗ്)

Candidates should answer questions from the following Part only if they have opted for **MALAYALAM** as **LANGUAGE – II.**

# വിഭാഗം V
## ഭാഷാ II
## മലയാളം

**നിർദ്ദേശങ്ങൾ :** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ചതിനുശേഷം ചോദ്യങ്ങൾക്കു ഉത്തരമെഴുതുക. [ചോദ്യങ്ങൾ **121** മുതൽ **129** വരെ]. ഏറ്റവും ഉചിതമായ ശരിയായ ഉത്തരം തെരഞ്ഞെടുക്കുക.

സംസ്കരിക്കാത്ത ദ്രവമാലിന്യം പുറത്തേക്കു തള്ളുന്നത് ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമായേക്കാം. സംസ്കരിക്കാത്ത മാലിന്യം ജലാശയത്തിലെത്തുമ്പോൾ അതിലുള്ള നിലംബിത ഖരകണികകൾ (suspended solids) പ്രവേശന മാർഗ്ഗത്തിൽ തന്നെ അടിഞ്ഞ് ജലാശയത്തിന്റെ അടിത്തട്ടിലെത്താനുള്ള സാധ്യതയുണ്ട്. അല്ലെങ്കിൽ ഒഴുക്കിൽ പെട്ട് മുന്നോട്ടു നീങ്ങാം. പുഴയുടെ അടിത്തട്ടിൽ ആർദ്രപ്രതലം (wetted surface) വേണ്ടത്രയുണ്ടെങ്കിൽ ദ്രവമാലിന്യത്തിലടങ്ങിയിരിക്കുന്ന കാർബണിക വസ്തുക്കളിൽ നല്ലൊരു പങ്ക് അധിശോഷണത്തിലൂടെ അടിത്തട്ടിലെത്തുന്നു. ഈ കാർബണിക വസ്തുക്കളെ എയ്റോബിക്ക് ബാക്ടീരിയങ്ങൾ വിഘടിപ്പിക്കുന്നു. ജലാശയത്തിലുള്ള ലേയ ഓക്സിജൻ (dissolved oxygen) ഉപയോഗപ്പെടുത്തിയാണ് എയ്റോബിക്ക് ബാക്ടീരിയങ്ങൾ കാർബണിക യൗഗികങ്ങളെ ഓക്സീകരിക്കുന്നത്. വളരെയധികം മാലിന്യങ്ങൾ തുടർച്ചയായി ജലാശയത്തിൽ എത്തുന്നുണ്ടെങ്കിൽ കാലക്രമേണ ജലാശയത്തിൽ ലേയ ഓക്സിജൻ തീരെയില്ലാത്ത അവസ്ഥ സംജാതമായേക്കാം. ലേയ ഓക്സിജൻ ലഭ്യമല്ലാത്ത ജലാശയത്തിൽ ജലജീവികൾക്ക് നിലനിൽക്കാനാവില്ല. ഓക്സിജൻ ഇല്ലാതാകുന്ന അവസ്ഥയിൽ അനൈറോബിക് സൂക്ഷ്മ ജീവികൾ പ്രവർത്തനക്ഷമമാകുന്നു; ഹൈഡ്രജൻ സൾഫൈഡ്, മീഥേൻ തുടങ്ങിയ വാതകങ്ങൾ ഉൽപ്പാദിപ്പിക്കുന്നു; ജലാശയം കറുത്തിരുണ്ട് ദുർഗന്ധം വമിക്കുന്ന അവസ്ഥയിലെത്തും.

കാർബണിക വസ്തുക്കൾ ജലാശയത്തിലേക്ക് തള്ളുന്നത് നിറുത്തിവെച്ചാൽ പുനർവായുമിശ്രണത്തിലൂടെ (reaeration) ജലാശയം ആരോഗ്യം വീണ്ടെടുക്കും. ജലാശയങ്ങളുടെ സ്വയം ശുദ്ധീകരണം (self purification) ഇങ്ങനെ സാധ്യമാക്കാം.

സ്യൂവിജ് കരയിൽ തള്ളുകയാണെങ്കിലും മേൽപ്പറഞ്ഞ അവസ്ഥ സംജാതമായി ദുർഗന്ധം വമിക്കും. സംസ്കരിക്കാത്ത സ്യൂവിജ് പുറന്തള്ളുന്നത് പല ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നു. രോഗകാരികളായ വൈറസുകളും ബാക്ടീരിയങ്ങളും പെരുകി പല രോഗങ്ങൾക്കും വഴിതെളിക്കുന്നു.

തടാകങ്ങളിലേക്ക് പുറന്തള്ളുന്ന സ്യൂവിജ് മറ്റൊരു പ്രതിഭാസത്തിനും ഹേതുവാകാം. അവയിൽ അടങ്ങിയിരിക്കുന്ന നൈട്രജൻ യൗഗികങ്ങൾ വിഘടിച്ചുണ്ടാകുന്ന അമോണിയ ഓക്സീകരിക്കപ്പെട്ട് നൈട്രേറ്റ് രൂപത്തിലാകുന്നു. നൈട്രേറ്റുകളോടപ്പം ഫോസ്ഫേറ്റുകളും സ്യൂവിജിൽ അടങ്ങിയിരിക്കും. നൈട്രജനും ഫോസ്ഫറസും സസ്യ വളർച്ചയ്ക്കാവിശ്യമായ പോഷകങ്ങളാണ്. ഈ പോഷകങ്ങൾ *ആൽഗ* തുടങ്ങിയ ജലസസ്യങ്ങൾ തഴച്ചു വളരുന്നതിന് ഇടയാക്കുന്നു. ഈ *ആൽഗകൾ* നശിക്കുമ്പോൾ അവയുടെ വിഘടനത്തിനാവശ്യമായ ഓക്സിജൻ എയ്റോബിക്ക് ബാക്ടീരിയങ്ങൾ തടാകത്തിൽ നിന്നും വലിച്ചെടുക്കുന്നു. അങ്ങനെ ഓക്സിജൻ നഷ്ടപ്പെട്ട് ജലം മലിനമാകുന്നു. കാർബണിക വസ്തുക്കളുടെ കാര്യത്തിലെന്ന പോലെ ഈ പ്രക്രിയയും ജലാശയത്തെ നശിപ്പിക്കുന്നു. യൂട്രോഫിക്കേഷൻ എന്ന് അറിയപ്പെടുന്ന ഈ പ്രതിഭാസം തടാകങ്ങൾക്ക് ഭീഷണിയാവാറുണ്ട്.

4-5 മണിക്കൂറിനുള്ളിൽ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യാൻ സംവിധാനമുണ്ടെങ്കിൽ കാര്യമായ സംസ്കരണ

രീതികളൊന്നും ആവശ്യമില്ല. എന്നാൽ ഇത് പ്രായോഗികമായി അത്ര എളുപ്പമല്ല.

മാലിന്യ നിർമ്മാർജ്ജനത്തിനുള്ള രീതികളെ പൊതുവെ കൃത്രിമ രീതികൾ, സ്വാഭാവിക രീതികൾ എന്നിങ്ങനെ രണ്ടായി തിരിക്കാം.

കൃത്രിമ രീതികളിൽ സ്യൂവിജ് അനു-യോജ്യമായ രീതിയിൽ സംസ്കരിക്കുന്നു. സംസ്കരണ വിധേയമാക്കിയ ദ്രവ-മാലിന്യങ്ങളെ ജലാശയങ്ങളിലേക്ക് സുരക്ഷിതമായി പുറന്തള്ളാം.

സ്വാഭാവിക രീതികളിൽ പ്രധാന-പ്പെട്ടവ നേർപ്പിക്കൽ (dilution), ഭൗമ ഉപചാരം (land treatment) എന്നിവയാണ്.

ഉയർന്ന വ്യാപ്തമുള്ള ജലാശയങ്ങ-ളിലേക്ക് മാലിന്യങ്ങൾ പുറന്തള്ളുന്ന രീതിയാണ് നേർപ്പിക്കൽ. ജലാശയങ്ങളുടെ സ്വയം ശുദ്ധീകരണശേഷിയെയാണ് ഈ രീതിയിൽ ഉപയോഗപ്പെടുത്തുന്നത്. സ്യൂവിജിനെ മണ്ണിൽ നിക്ഷേപിക്കുന്ന രീതിയാണ് ഭൗമഉപചാരം. ഇങ്ങനെ നിക്ഷേപിക്കപ്പെടുന്ന സ്യൂവിജ് മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനാൽ ഈ രീതിയെ സ്യൂവിജ് കൃഷി എന്നു വിളിക്കാറുണ്ട്. കേരളത്തെപ്പോലെ ജനസാന്ദ്രതയേറിയ പ്രദേശങ്ങൾക്ക് അനുയോജ്യമല്ല ഈ രീതി. കാരണം പലവിധ ആരോഗ്യ പ്രശ്നങ്ങൾക്കും ഭൂഗർഭജലത്തിന്റെ മലിനീകരണത്തിനും സ്യൂവിജ് കൃഷി കാരണമായേക്കാം.

121. പുറന്തള്ളപ്പെടുന്ന സ്യൂവിജിൽനിന്ന് ഉൽപ്പാദിപ്പിക്കപ്പെടുന്ന ഒരു വസ്തു ________ ആണ്.

(1) ബ്രോമൈഡ്

(2) സൽഫൈഡ്

(3) നൈട്രേറ്റ്

(4) ഓക്സൈഡ്

122. മാലിന്യ നിർമ്മാർജ്ജനത്തിന് എത്ര രീതികളുണ്ട് ?

(1) ഒന്ന്

(2) രണ്ട്

(3) മൂന്ന്

(4) നാല്

123. ജലമലിനീകരണം നിർമ്മാർജ്ജനം ചെയ്യുന്നതിന് ഏറ്റവും ഉചിതമായ സ്വാഭാവിക രീതിയേതാണ് ?

(1) ഖരീകരണം

(2) ഓക്സീകരണം

(3) പുനർവായുമിശ്രണം

(4) നേർപ്പിക്കലും ഭൗമഉപചാരവും

124. ജലമലിനീകരണം സംഭവിക്കുമ്പോൾ ഏതൊക്കെ വാതകങ്ങളാണ് ഉൽ-പാദിപ്പിക്കപ്പെടുന്നത് ?

(1) ഹൈഡ്രജൻ സൽഫൈഡും മീഥൈനും

(2) ഓക്സിജനും ഫോസ്ഫറസും

(3) സൽഫറും ഫോസ്ഫറസും

(4) ഹീലിയവും സൽഫറും

125. സമസ്തപദമെഴുതുക.

'പ്രവർത്തിക്കാൻ കഴിവുള്ള അവസ്ഥ'

(1) പ്രവർത്തനയോഗ്യം

(2) പ്രവർത്തനക്ഷമം

(3) പ്രവർത്തനരഹിതം

(4) പ്രവർത്തനമുഖരിതം

126. 'ഗുരുതരമായ്', – ഏത് വ്യാകരണ രൂപത്തിൽപ്പെടുന്നു.
(1) നാമം
(2) ക്രിയ
(3) ക്രിയാവിശേഷണം
(4) നാമവിശേഷണം

127. ലേയ ഓക്സിജൻ ജലാശയത്തിൽ ജലജീവികളുടെ സ്ഥിതി എന്തായിരിക്കും ?
(1) ജലജീവികളുടെ ജീവിതം ആനന്ദപ്രദമായിരിക്കും
(2) ജലജീവികളുടെ ജീവിതം സന്തോഷപ്രദമായിരിക്കും
(3) ജലജീവികളുടെ ജീവിതം ദുസ്സഹമായിരിക്കും
(4) ജലജീവികളുടെ ജീവിതം സുഖകരമായിരിക്കും

128. എന്തുകൊണ്ടാണ് ജലാശയങ്ങൾ മലിനീകരിക്കപ്പെടുന്നത് ?
(1) കാർബണിക വസ്തുക്കൾ ജലാശയങ്ങളിലേയ്ക്കു തള്ളുന്നതുകൊണ്ട് ഓക്സിജൻ നഷ്ടപ്പെടുന്നു.
(2) സൂക്ഷ്മ ജീവികൾ പ്രവർത്തനക്ഷമമാകുന്നതുകൊണ്ട്
(3) ജല സസ്യങ്ങൾ തഴച്ചു വളരുന്നതുകൊണ്ട്
(4) ആൽഗെ വളരുന്നതുകൊണ്ട്

129. "കാലക്രമേണ ജലാശയത്തിൽ ലേയ ഓക്സിജൻ തീരേയില്ലാത്ത അവസ്ഥ സംജാതമായേക്കാം" എന്ന വാക്യത്തിന്റെ അർത്ഥം താഴെ കൊടുത്തിരിക്കുന്നവയിൽ ഏതാണ് ?
(1) സമയം ചെല്ലുന്തോറും ലേയ ഓക്സിജൻ സമൃദ്ധിയായിട്ടുണ്ടാകും.
(2) സമയം ചെല്ലുന്തോറും ലേയ ഓക്സിജൻ ഉണ്ടാവില്ല
(3) സമയം ചെല്ലുന്തോറും ലേയ ഓക്സിജൻ കുറച്ചുണ്ടാകും
(4) സമയം ചെല്ലുംന്തോറും ലേയ ഓക്സിജൻ അല്പം ഉണ്ടാകും

**നിർദ്ദേശങ്ങൾ :** തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് **130** മുതൽ **135** വരെയുള്ള ചോദ്യങ്ങൾക്ക് ഏറ്റവും ഉചിതമായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടു മഹാപുരുഷന്മാരെ ഭാരതത്തിന് സ്വപുത്രരെന്ന് എണ്ണാനിടയായത് അപൂർവ്വമായൊരു സൗഭാഗ്യമാണ്. കടുത്ത പാരതന്ത്ര്യത്തിന്റെയും പരാജയത്തിന്റെയും നടുവിൽ രണ്ട് അത്ഭുത ജ്യോതിസ്സുകൾ പൊന്തിവന്നു. ദൂനയും ദരിദ്രയും ആയ ഭാരതത്തെ അധ്യാത്മശക്തിയിൽ സമ്പന്നമാക്കാൻ രണ്ടു ഋഷികല്പന്മാർ പിറന്നു. വ്യാസൻ, വാല്മീകി, ബുദ്ധൻ, ശങ്കരഭഗവൽപാദർ, ശ്രീരാമകൃഷ്ണൻ, വിവേകാനന്ദൻ എന്നിങ്ങനെ നിരവധി തേജഃപുഞ്ജങ്ങളെ സൃഷ്ടിച്ച ദിവ്യഗർഭയായ ഭാരതത്തിന്റെ ശക്തി ഇപ്പോഴും നശിച്ചിട്ടില്ലെന്നതിനു വല്ല തെളിവും വേണമെങ്കിൽ ഗാന്ധിയുടേയും ടാഗൂറിന്റെയും നാമങ്ങൾ നമുക്കെടുത്തു കാട്ടാം. ധാർമ്മിക ശക്തികളെല്ലാം താറുമാറായി കിടക്കുന്ന ഒരാപദ്ഘട്ടത്തിലാണ് ഇവരുടെ ആധ്യാത്മികപ്രഭാവം ലോകത്തിനു വെളിച്ചം നൽകിയത്. യൂറോപ്പിൽ സാമ്രാജ്യത്വത്തിന്റെ രൂപത്തിൽ അസുര ശക്തികൾ സംഹാരതാണ്ഡവം ചവിട്ടുമ്പോഴാണ് കിഴക്ക് ഈ വെള്ളിനക്ഷത്രങ്ങൾ ഉദിച്ചു പൊങ്ങിയത്.

ഈ രണ്ടു മഹാത്മാക്കളേയും ഒരുമിച്ചുനിർത്തി അവരുടെ യോഗ്യതാവിശേഷങ്ങളെ താരതമ്യം ചെയ്യുക എന്നത് അതീവ ദുഷ്കരമാണ്. അവരെ വെവ്വേറെ പഠിക്കാൻ തന്നെ പലനാൾ വേണ്ടിവരും. മഹാവിജ്ഞാനികൾക്കു പോലും അധ്യഷ്യരായി വർത്തിക്കുന്ന ആ ഋഷികല്പന്മാരെ താരതമ്യാത്മകമായി പഠിക്കുക എന്നുവെച്ചാൽ അഗ്രാഹ്യത്തെ ഗ്രഹിക്കാൻ പണിപ്പെടുക എന്നാണർത്ഥം. എങ്കിലും ആ പഠനം ഉന്മേഷജനകമാണ്. നമ്മുടെ തലമുറയ്ക്ക് അപരിഹാര്യവും.

പരസ്പരസ്നേഹത്തിനും പരസ്പര ബഹുമാനത്തിനും ഒരുമയ്ക്കും കോട്ടം തട്ടിക്കാതെ ഇത്ര പ്രചണ്ഡമായി എതിർക്കുകയും ഇത്ര ഉത്സുകമായി യോജിക്കുകയും ചെയ്ത രണ്ടു വ്യക്തികളെ മറ്റധികം കണ്ടെത്താനിടയില്ല. യോജിക്കുമ്പോഴും വിയോജിക്കുമ്പോഴും പരമമായ മനുഷ്യ നന്മയിൽ അവർക്കുള്ള വിശ്വാസം അചഞ്ചലമായിരുന്നുതാനും. ആ നന്മയിലെത്തിച്ചേരാനുള്ള മാർഗ്ഗത്തെ പറ്റിയാണ് അവർ തർക്കിച്ചത്. അവിടെ ഹിംസയുടേയും അഹിംസയുടേയും മാർഗ്ഗത്തിന്റേയും ലക്ഷ്യത്തിന്റെയും പ്രശ്നങ്ങളൊക്കെ ജലപ്പരപ്പിൽ കുമിളകളെന്ന പോലെ പൊങ്ങിവരികയും പൊട്ടി മറയുകയും ചെയ്തു. ഒടുവിൽ ഭാരതത്തിന്റെ വിമുക്തമായ ആത്മാവ് സ്വച്ഛമായി അവശേഷിച്ചു.

ആ ബാഹ്യരൂപങ്ങളിൽത്തന്നെയുണ്ട് ഓട്ടേറെ വൈജാത്യം. ഒരാൾ കഷ്ടിച്ചു മുട്ടോളമെത്തുന്ന പരുക്കൻ മുണ്ടുടുത്ത് വെറും തറയിലിരുന്നു മൂകനായി നൂൽ നൂല്ക്കുന്നു. അപ്രിയമായ സത്യത്തെപ്പോലെ കഠിനവും കർക്കശവുമാണ് ചുറ്റുപാടുകൾ. മറ്റേ ആൾ പാദം മൂടുന്ന പട്ടുടയാട ചുറ്റി മസൃണശില പാകിയ മണിഹർമ്മ്യത്തിലിരുന്നു കോമള കണ്ഠത്തിൽ പാടുന്നു. ഒരാളിൽനിന്ന് ഗീതയുടെ വീരപാഞ്ചജന്യം മുഴങ്ങുന്നു. മറ്റേയാളിൽ നിന്ന് ഉപനിഷത്തിന്റെ പ്രാണസന്തർപ്പണ മന്ത്രങ്ങൾ ഉദ്ഗളിക്കുന്നു. രണ്ടും രണ്ടു ലോകം തന്നെ. ഒരു ദിക്കിൽ സൗന്ദര്യം സത്യത്തിന്റെ വീടുപണിയിലേർപ്പെട്ടിരിക്കുന്നു. മറ്റൊരിടത്ത് സത്യം സൗന്ദര്യദേവതയുടെ ഹിതാനുവർത്തിനിയായി പരിചരിക്കുന്നു.

130. വിയോജിക്കുമ്പോൾപോലും ഏത് വിശ്വാസമാണ് ടാഗോറും ഗാന്ധിജിയും മുറുകെ പിടിച്ചത് ?
(1) മനുഷ്യനന്മയിലുള്ള വിശ്വാസം
(2) അഹിംസയിലുള്ള വിശ്വാസം
(3) സത്യത്തിലുള്ള വിശ്വാസം
(4) സ്വാതന്ത്ര്യത്തിലുള്ള വിശ്വാസം

131. ഖണ്ഡികയിലെ സൂചനയനുസരിച്ച് മസൃണശില പാകിയ ഹർമ്മ്യത്തിലിരുന്ന ആൾ ആരാണ് ?
(1) ഗാന്ധിജി
(2) വിവേകാനന്ദൻ
(3) ടാഗോർ
(4) നെഹ്റു

132. വിപരീത പദമെഴുതുക :
'അപരിഹാര്യം'
(1) പരിഹാരം
(2) പരിഹൃതം
(3) പരിഹരം
(4) പരിഹാര്യം

133. നാമ രൂപമെഴുതുക :
'ദൂനം'
(1) ദൈനത
(2) ദൈനം
(3) ദീനം
(4) ദൈന്യം

134. ഉപനിഷത്തിന്റെ പ്രാന്തസന്തർപ്പണ മന്ത്രങ്ങൾ ഉദ്ഗളിക്കുന്നത് ആരിൽ നിന്ന് ?
(1) വാല്മീകിയിൽ നിന്ന്
(2) ശങ്കരഭഗവൽപാദരിൽ നിന്ന്
(3) ഗാന്ധിജിയിൽ നിന്ന്
(4) ടാഗോറിൽ നിന്ന്

135. ഖണ്ഡികയിൽ സൂചിപ്പിക്കുന്ന ഋഷികല്പന്മാർ ആരെല്ലാം ?
(1) വ്യാസനും വാല്മീകിയും
(2) ടാഗോറും ഗാന്ധിജിയും
(3) ബുദ്ധനും ശങ്കരഭഗവൽപാദരും
(4) ശ്രീരാമകൃഷ്ണനും വിവേകാനന്ദനും

**നിർദ്ദേശങ്ങൾ :** ഏറ്റവും ഉചിതമായ ഉത്തരം തെരഞ്ഞെടുക്കുക [**136** മുതൽ **150** വരെ].

**136.** വിദ്യാർത്ഥികളുടെ ശ്രവ്യശേഷി വികസിപ്പിക്കുന്നതിന് ഒരു പ്രാഥമികാധ്യാപകൻ ഏറ്റവും കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടത് എന്താണ് ?

(1) ദൈനംദിന പ്രവർത്തന പട്ടികയിൽ സ്ഥിരമായി ശ്രവ്യശേഷി വികസനത്തിനുതകുന്ന പ്രവർത്തനങ്ങൾ പ്രത്യേകമായി സംയോജിപ്പിക്കുക.

(2) ഭാഷണം ഇടയ്ക്കിടെ നിർത്തി ക്ലാസിൽ പറഞ്ഞത് ഓരോ വിദ്യാർത്ഥിയെകൊണ്ടും ആവർത്തിച്ച് പറയിപ്പിക്കുക.

(3) വിദ്യാർത്ഥികൾ സംസാരിക്കുമ്പോൾ തന്നെ ശ്രദ്ധയോടെ ശ്രവിക്കുവാനുള്ള വ്യവഹാരരീതി പരിചയപ്പെടുത്തുക.

(4) ശ്രവിക്കുന്നതിനെക്കുറിച്ച് ഉറക്കെ ചിന്തിക്കാൻ വിദ്യാർത്ഥികളെ ഇടയ്ക്കിടെ ഓർമ്മപ്പെടുത്തുക.

**137.** ഒരു അധ്യാപികയുടെ ക്ലാസ്സിൽ വ്യത്യസ്ത ഭാഷാപശ്ചാത്തലമുള്ള വിദ്യാർത്ഥികൾ ഉണ്ട്. ഭാഷാബോധനത്തിൽ വിദ്യാർത്ഥികൾക്ക് കൂടുതൽ പിന്തുണ നൽകുന്നതിന് വേണ്ടി ലഘുവാക്യങ്ങളിൽ പദാംഗങ്ങൾ വരുമ്പോൾ അധ്യാപിക കയ്യടിച്ച് അവരുടെ വാചികവിനിമയം ശക്തമാക്കുന്നു. അവരുടെ ഭാഷാബോധന സമീപനത്തിൽ താഴെ പറയുന്ന ഏത് ശേഷിക്കാണ് പ്രാഥമികമായി ഊന്നൽ നൽകുന്നത് ?

(1) താളം

(2) പ്രകരണ വിജ്ഞാനം

(3) സ്വനിമാവബോധം

(4) വാക്യഘടന

**138.** മറ്റുള്ളവരുമായി ഫലപ്രദമായി ഇടപെടുവാനും വിനിമയം നടത്തുവാനും കാര്യങ്ങൾ ഗ്രഹിക്കുവാനുമുള്ള കഴിവാണ് _______ ബുദ്ധിവൈശിഷ്ട്യം.

(1) സ്ഥലീയ

(2) ഭാഷാപരമായ

(3) അന്തർവൈയക്തിക

(4) ആന്തരവൈയക്തിക

**139.** വിദ്യാർത്ഥിയുടെ തെറ്റായ പ്രതികരണത്തിന് അധ്യാപിക ഗുണാത്മകമായ സ്പഷ്ടീകരണത്തിലൂടെ മറുപടി നൽകുന്നു. അധ്യാപിക തന്റെ ഏത് ധാരണമായ പ്രകടിപ്പിക്കുന്നത് ?

(1) വിദ്യാർത്ഥിയുടെ ഋണാത്മകമായ വൈകാരിക പ്രതികരണം ഉൾക്കൊള്ളുന്നു.

(2) ഭാഷാശാസ്ത്രപരമായ വികസനം അധികരിപ്പിക്കുന്നു.

(3) വിവിധ തരത്തിലുള്ള പഠന രീതികളെ ഉൾക്കൊള്ളുന്നു.

(4) ജ്ഞാനവികസനത്തെ പ്രോത്സാഹിപ്പിക്കുന്നു.

140. ശാരീരികവും, ഇന്ദ്രിയപരവും; മാനസികാരോഗ്യപരവുമായ പരിമിതികൾ കൊണ്ടും, പഠന വൈകല്യം കൊണ്ടും വിദ്യാഭ്യാസ പ്രക്രിയയിൽ ഒരു വിദ്യാർത്ഥിക്ക് ഫലപ്രദമായി ഭാഗഭാക്കാവാൻ കഴിയാതിരുന്നാൽ ആ കുട്ടിയെ സംബന്ധിച്ചിടത്തോളം ഏറ്റവും ഉത്തമമായ ഐച്ഛികം ഏതാണ് ?

(1) പരിഹാരബോധനം

(2) ക്ലാസ്റൂം കൈകാര്യം

(3) മാനവികാധിഷ്ഠിത വിദ്യാഭ്യാസം

(4) പ്രത്യേക പരിഗണന വേണ്ട വിദ്യാഭ്യാസം

141. പ്രാവീണ്യ നിർണ്ണയത്തിനുള്ള മാനദണ്ഡം

(1) മൂല്യനിർണ്ണയ മാർഗ്ഗനിർദ്ദേശിക

(2) ചോദ്യമനുസരിച്ചുള്ള മാർക്കിന്റെ വിഭജനം

(3) വിദ്യാർത്ഥിയുടെ കഴിവിനെക്കുറിച്ചുള്ള പൊതുവായ അഭിപ്രായം

(4) പ്രാവീണ്യ പരിശോധനയ്ക്കുള്ള ഉപകരണങ്ങൾ

142. താഴെ കൊടുത്തിരിക്കുന്നവയിൽനിന്നു ശുദ്ധരൂപം തെരഞ്ഞെടുക്കുക.

(1) നിഗണ്ടു

(2) നിഘണ്ടു

(3) നികണ്ടു

(4) നിഖണ്ടു

143. 'ജ്ഞാനനിർമ്മിതി വാദം' എന്ന സിദ്ധാന്തപ്രകാരം

(1) അനുഭവാർജ്ജനത്തിലൂടേയും അനുഭവ പ്രകാശനത്തിലൂടേയും വിദ്യാർത്ഥി ലോകത്തെക്കുറിച്ച് സ്വന്തമായ ധാരണകളും അറിവുകളും രൂപീകരിക്കുന്നു.

(2) വിവിധ തരത്തിലുള്ള സാമ്പിളുകളിൽ നിന്നും അർത്ഥപൂർണ്ണമായ തീർപ്പിലെത്തുന്നു.

(3) അധ്യാപിക സ്വന്തമായ സിദ്ധാന്തങ്ങൾ രൂപീകരിക്കുകയും വിവിധ മാധ്യമങ്ങൾ ഉപയോഗിച്ച് ഗവേഷണത്തിന് സഹായ സഹകരണങ്ങൾ നൽകുകയും ചെയ്യുന്നു.

(4) സ്വന്തമായി പഠനസഹായികൾ നിർമ്മിച്ച് പ്രവൃത്ത്യുന്മുഖമായി അനുഭവത്തിന്റെ വെളിച്ചത്തിൽ പഠനനേട്ടം കൈവരിക്കുന്നു.

144. സന്ദേശത്തിന്റെ ഘടകങ്ങളായ സ്വനം, പദം, രൂപം എന്നിവയെ വേർതിരിക്കാനും വ്യതിരിക്തമായി മനസ്സിലാക്കാനും സഹായിക്കുന്നത് ________ പ്രവർത്തിയാണ്.

(1) വായന

(2) എഴുത്ത്

(3) ശ്രവണം

(4) ഭാഷണം

145. വിഷയകേന്ദ്രീകൃത സമീപനത്തിൽ പഠനാനുഭവങ്ങൾ സംഘടിപ്പിക്കുന്നത് ______ അനുസരിച്ചാണ്.

(1) വിദ്യാർത്ഥി താല്പര്യം

(2) കോഴ്സിന്റെ ഉള്ളടക്കം

(3) അധ്യാപകന്റെ വിഷയഗ്രാഹ്യം

(4) എഡ്യുക്കേഷണൽ ടെക്നോളജി

146. പ്രതിഭാധനരായ വിദ്യാർത്ഥികളെ കണ്ടെത്താനുള്ള ഏറ്റവും മികച്ച രീതി

(1) IQ പരീക്ഷ

(2) EQ പരീക്ഷ

(3) അധ്യാപകരും വിദ്യാർത്ഥികളും

(4) സ്കൂളിലെ സമഗ്രരേഖകൾ

147. അന്താരാഷ്ട്ര സംഘടനകളിലെ ജോലിസാധ്യതകളെക്കുറിച്ച് അറിവു നൽകുന്ന ഒന്നിലധികം ഭാഷകളിലുള്ള വാർത്തകളും ലേഖനങ്ങളും ഒരു മിഡിൽ സ്കൂൾ അധ്യാപിക സ്ഥിരമായി തന്റെ ബോധന സാമഗ്രികളിൽ ഉൾപ്പെടുത്തുന്നു. ഇത്തരം പഠന സാമഗ്രികൾ വിദ്യാർത്ഥികൾക്ക് ഏത് തരത്തിൽ പ്രയോജനപ്രദമാണ്.

(1) ദ്വിഭാഷാ സമൂഹങ്ങളെക്കുറിച്ചും അവരുടെ നെറ്റ്വർക്കുകളെക്കുറിച്ചും തിരിച്ചറിയാനും അവരുടെ പ്രത്യേകതകൾ മനസ്സിലാക്കാനും സഹായിക്കുന്നു.

(2) മറ്റൊരു രാജ്യത്തിലേക്ക് പാലായനം ചെയ്യാനായി ജനങ്ങൾക്കുണ്ടാകുന്ന സമ്മർദ്ദത്തിന്റെ സാഹചര്യം മനസ്സിലാക്കുന്നതിന്.

(3) ആഗോള സമൂഹത്തിൽ ഒരു ദ്വിഭാഷിയായി തീർന്നാലുള്ള ഗുണങ്ങൾ തിരിച്ചറിയുന്നതിന്.

(4) അവർ വളരുമ്പോൾ എവിടെയാണ് ജീവിക്കേണ്ടതെന്നും ജോലി ചെയ്യേണ്ടതെന്നും തീരുമാനിക്കാൻ.

148. ഒരു ശ്രവ്യ-ഭാഷണ നിർണയ പ്രക്രിയയിൽ താഴെ കൊടുത്തിരിക്കുന്ന സംഭാഷണം നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു.

അധ്യാപകൻ : ഡൽഹിയിലെ അന്തരീക്ഷം എന്തുകൊണ്ടാണ് തികച്ചും മൂടൽമഞ്ഞുപോലെ കാണപ്പെടുന്നത്.

ഒന്നാം വിദ്യാർത്ഥി : മിക്കവാറും പുകയും പൊടിപടലങ്ങളും കൊണ്ടാവാം.

രണ്ടാം വിദ്യാർത്ഥി : എന്റേതും. തികച്ചും മൂടൽ മഞ്ഞുപോലെ തന്നെ.

(1) വിദ്യാർത്ഥി ഒന്ന് : തെറ്റായ പ്രതികരണം.
വിദ്യാർത്ഥി രണ്ട് : ശരിയായ പ്രതികരണം.

(2) വിദ്യാർത്ഥി ഒന്ന് : ശരിയായ പ്രതികരണം.
വിദ്യാർത്ഥി രണ്ട് : തെറ്റായ പ്രതികരണം.

(3) വിദ്യാർത്ഥി ഒന്ന് : തെറ്റായ പ്രതികരണം.
വിദ്യാർത്ഥി രണ്ട് : തെറ്റായ പ്രതികരണം.

(4) വിദ്യാർത്ഥി ഒന്ന് : ശരിയായ പ്രതികരണം.
വിദ്യാർത്ഥി രണ്ട് : ശരിയായ പ്രതികരണം.

149. പാഠത്തിലെ ഒരു വാക്കിന്റെ മൂല്യത എന്നതുകൊണ്ട് അർത്ഥമാക്കുന്നത്

(1) ഒരു സന്ദർഭത്തിൽ വാക്കിന്റെ നേരിട്ടല്ലാത്ത പ്രയോഗം

(2) വാക്കിനെ വിവിധ തരത്തിൽ ഉപയോഗിക്കാൻ പറ്റുന്നത്

(3) വാക്കിന്റെ കോശാർത്ഥം

(4) സന്ദർഭത്തിൽ വാക്കിന്റെ മുഖ്യത

150. ആധികാരികവും അർത്ഥപൂർണ്ണവുമായ പരസ്പര ആശയ വിനിമയത്തിന് പ്രാധാന്യം നൽകുന്ന ഭാഷാബോധനരീതി _______ ആണ്.

(1) വ്യാകരണ-തർജ്ജമാരീതി

(2) ദ്വിഭാഷാബോധന രീതി

(3) വിനിമയ രീതി

(4) അനൗപചാരിക രീതി

# SPACE FOR ROUGH WORK

**താഴെ തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക :**

1. ഓരോ ചോദ്യത്തിനും നാലു പക്ഷാന്തരങ്ങൾ തന്നിരിക്കുന്നു, അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ നീല / കറുപ്പ് പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിയ്ക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.
2. ഉത്തരക്കടലാസ്സ് മടക്കുകയോ അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ ആവരുത് എന്ന് പരീക്ഷാർത്ഥികൾ ഉറപ്പു വരുത്തുക. വ്യക്തപ്പെടുത്തിയ ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.
3. പരീക്ഷാ പുസ്തിക സൂക്ഷിച്ച് കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാ പുസ്തിക സങ്കേതമോ ഉത്തരക്കടലാസ്സിലെ സങ്കേതമോ തമ്മിലുള്ള അപാകതയൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.
4. ഹാജർ ഷീറ്റിൽ ശരിയായ പരീക്ഷാ പുസ്തിക സങ്കേതയും ഉത്തരക്കടലാസ്സ് സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.
5. അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ, കടലാസ്സുകഷ്ണങ്ങളോ, പേജറോ, മൊബൈൽ ഫോണോ വൈദ്യുതി ഉപകരണങ്ങളോ അഡ്മിറ്റ് കാർഡ് ഒഴിച്ച് മറ്റൊരു വസ്തുവും പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.
6. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററിന് അഡ്മിറ്റ് കാർഡ് കാണിക്കേണ്ടതാണ്.
7. ഇൻവിജിലേറ്ററിന്റെ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.
8. ഹാജർഷീറ്റ് രണ്ടു തവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററിനെ ഏല്പിക്കാതെയും പരീക്ഷാർത്ഥി പരീക്ഷാ ഹാൾ വിടരുത്. രണ്ടാം പ്രാവശ്യം ഹാജർ ഷീറ്റു ഒപ്പിടാത്ത കോഡുകൾ ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും, തെറ്റായ രീതി കൈക്കൊണ്ടതായും കണക്കാക്കും.
9. വൈദ്യുതി ഉപയോഗിച്ചോ/മാനുഷികമായതോ ആയ കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.
10. ബോർഡിന്റെ എല്ലാ നിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്ക് ബാദ്ധ്യമാണ്. തെറ്റായ രീതിയിലുള്ള എല്ലാ രീതികളും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.
11. പരീക്ഷാ പുസ്തികയുടെയും ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്തുവാൻ പാടില്ല.
12. പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററിനെ ഏല്പിച്ചിരിയ്ക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.

**READ CAREFULLY THE FOLLOWING INSTRUCTIONS :**

1. Out of the four alternatives for each question, only one circle for the correct answer is to be darkened completely with Blue/Black Ball Point Pen on Side-2 of the OMR Answer Sheet. The answer once marked is not liable to be changed.
2. The candidates should ensure that the Answer Sheet is not folded. Do not make any stray marks on the Answer Sheet. Do not write your Roll No. anywhere else except in the specified space in the Answer Sheet.
3. Handle the Test Booklet and Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and Answer Sheet Code or Number), another set will be provided.
4. The candidates will write the correct Test Booklet Code and Number as given in the Test Booklet / Answer Sheet in the Attendance Sheet.
5. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the examination hall/ room.
6. Each candidate must show on demand his / her Admission Card to the Invigilator.
7. No candidate, without special permission of the Superintendent or Invigilator, should leave his / her seat.
8. The candidates should not leave the Examination Hall without handing over their Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where a candidate has not signed the Attendance Sheet a second time will be deemed not to have handed over the Answer Sheet and dealt with as an unfair means case.
9. Use of Electronic / Manual Calculator is prohibited.
10. The candidates are governed by all Rules and Regulations of the Board with regard to their conduct in the Examination Hall. All cases of unfair means will be dealt with as per Rules and Regulations of the Board.
11. No part of the Test Booklet and Answer Sheet shall be detached under any circumstances.
12. **On completion of the test, the candidate must hand over the Answer Sheet to the Invigilator in the Room / Hall.** ***The candidates are allowed to take away this Test Booklet with them.***

**निम्नलिखित निर्देश ध्यान से पढ़ें :**

1. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर पत्र के पृष्ठ-2 पर केवल एक वृत्त को ही पूरी तरह नीले/काले बॉल पॉइन्ट पेन से भरें । एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है ।
2. परीक्षार्थी सुनिश्चित करें कि इस उत्तर पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ । परीक्षार्थी अपना अनुक्रमांक उत्तर पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें ।
3. परीक्षा पुस्तिका एवं उत्तर पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं उत्तर पत्र के संकेत या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी ।
4. परीक्षा पुस्तिका / उत्तर पत्र में दिए गए परीक्षा पुस्तिका संकेत व संख्या को परीक्षार्थी सही तरीके से हाज़िरी-पत्र में लिखें ।
5. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश कार्ड के सिवाय किसी प्रकार की पाठ्य सामग्री, मुद्रित या हस्तलिखित, कागज़ की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है ।
6. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-कार्ड दिखाएँ ।
7. अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें ।
8. कार्यरत निरीक्षक को अपना उत्तर पत्र दिए बिना एवं हाज़िरी-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल नहीं छोड़ेंगे । यदि किसी परीक्षार्थी ने दूसरी बार हाज़िरी-पत्र पर हस्ताक्षर नहीं किए तो यह माना जाएगा कि उसने उत्तर पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा ।
9. इलेक्ट्रॉनिक / हस्तचालित परिकलक का उपयोग वर्जित है ।
10. परीक्षा-हॉल में आचरण के लिए परीक्षार्थी बोर्ड के सभी नियमों एवं विनियमों द्वारा नियमित हैं । अनुचित साधनों के सभी मामलों का फैसला बोर्ड के नियमों एवं विनियमों के अनुसार होगा ।
11. किसी हालत में परीक्षा पुस्तिका और उत्तर पत्र का कोई भाग अलग न करें ।
12. **परीक्षा सम्पन्न होने पर, परीक्षार्थी कक्ष / हॉल छोड़ने से पूर्व उत्तर पत्र कक्ष-निरीक्षक को अवश्य सौंप दें ।** ***परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं ।***

SEAL